# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 90 — 01.03.2017-ൽ മറുപടിക്ക്

## പട്ടിക ഗോത്രവർഗ്ഗ നവജാത ശിശുമരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പി.ഉണ്ണി<br>ശ്രീ.കെ.ബാബു | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | അട്ടപ്പാടിയിൽ വ്യാപകമായ തോതിലുണ്ടായ പട്ടിക ഗോത്രവർഗ്ഗ നവജാത ശിശുമരണം ഇല്ലാതാക്കാനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; | എ) | അട്ടപ്പാടിയിലെ ആദിവാസി ജനവിഭാഗങ്ങളുടെ ഇടയിലെ നവജാത ശിശുമരണം ഇല്ലാതാക്കാനായി പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേന ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ജനനീ-ജന്മരക്ഷ പദ്ധതി, സിക്കിൾസെൽ അനീമിയ രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതി, സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതി പ്രകാരം ചികിത്സാ ധനസഹായം ഭക്ഷ്യസഹായ പദ്ധതി എന്നിവയും സാമൂഹ്യ നീതി വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകുന്ന പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ധനസഹായത്തോടെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും നടപ്പിലാക്കി വരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ ആധുനിക സൗകര്യങ്ങളോടു കൂടിയ ഓപ്പറേഷൻ തീയറ്റർ, ഐ.സി.യു എന്നിവയും ഈ ആശുപത്രിയിൽ ഉണ്ട്. അട്ടപ്പാടിയിൽ 5 മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു. അട്ടപ്പാടിയിലെ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും റേഷൻ കാർഡ് ഉറപ്പു വരുത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ശിശുമരണം അട്ടപ്പാടിയിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| ബി) | പോഷകാഹാരക്കുറവുകൊണ്ടും ചികിത്സ വേണ്ട സമയത്ത് ലഭിക്കാത്തതുകൊണ്ടും ഇവർക്കിടയിൽ ഉണ്ടാകുന്ന മാതൃ-ശിശു മരണങ്ങൾ ഇല്ലാതാക്കാനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ; | ബി) | മാതൃ-ശിശു മരണം തടയുന്നതിനായി വിവിധ പദ്ധതികൾ അട്ടപ്പാടി മേഖലയിൽ നടപ്പിലാക്കി വരുന്നു, ഐ.സി.ഡി.എസിന്റെ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാര വിതരണം നടത്തിവരുന്നു. പ്രീസ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയുടെ വിതരണം നടത്തുന്നു. കൗമാര |

| | | | |
|---|---|---|---|
| | | | പ്രായക്കാരായ പെൺകുട്ടികൾക്കായി സബലകിറ്റുകൾ വിതരണം ചെയ്യുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നു. വിവാഹിതരായ പെൺകുട്ടികൾക്കും ഗർഭിണികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യാനുസരണം പോഷകാഹാരം വാങ്ങുന്നതിലേക്കായി ജനനി ജന്മ രക്ഷാ പദ്ധതി പ്രകാരം ധനസഹായം, കമ്മ്യൂണിറ്റി കിച്ചൻ മുഖേന പോഷകാഹാര ലഭ്യത എന്നിവയും ഉറപ്പ് വരുത്തുന്നു. കൂടാതെ പോഷകാഹാര കുറവ് മൂലം ഉണ്ടാകുന്ന അസുഖങ്ങൾക്ക് ചികിത്സക്കായി 3 ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ സെന്ററുകൾ ആരോഗ്യവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. |
| സി) | **പട്ടിക ഗോത്രവർഗ്ഗക്കാർക്കായി ക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതോടൊപ്പം അവരെ സ്വയം പര്യാപ്തരാക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ വിശദമാക്കാമോ?** | | ഈ മേഖലയിൽ പരമ്പരാഗത ചെറു ധാന്യങ്ങളുടെ കൃഷി കാലി വളർത്തൽ, ആട്ട വളർത്തൽ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നുണ്ട്. വരുമാന വർദ്ധനവിനുതകുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് വകുപ്പ് മുഖേന ധനസഹായവും പ്രോത്സാഹനവും നൽകി വരുന്നു. കൂടാതെ 47 വനിതകൾക്ക് ഓട്ടോ റിക്ഷാ ഡ്രൈവർമാരായി പരിശീലനം നൽകുകയും ഓട്ടോറിക്ഷകൾ നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**